ബ്ലോക്കു പഞ്ചായത്തുകൾ	102.29	82.02
മുനിസിപ്പാലിറ്റിയും മുനിസിപ്പൽ കോർപ്പറേഷനും	93.11	88.40

(സി) 1997-98 ലെ പദ്ധതിച്ചെലവിൽ 20 ശതമാനത്തോളം തുക ഡെപ്പോസിറ്റ് ആയിരുന്നുവെന്ന് കണക്കാക്കിയിട്ടുണ്ട്. 1998-99 വർഷത്തെ വിവരം ശേഖരിച്ചുവരുന്നു.

(ഡി)&(ഇ) വിവരം ശേഖരിച്ചുവരുന്നു.

340 (1533) വികസന അതോറിറ്റികൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം വികസന അതോറിറ്റികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വികസന അതോറിറ്റികളിൽ ഏതെങ്കിലും പിരിച്ചു വിടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അവ ഏതെല്ലാമാണ്;

(ഡി) സംസ്ഥാനത്തെ ഏറ്റവും പിന്നോക്കം നിൽക്കുന്ന സ്ഥലങ്ങളിലെ വികസന അതോറിറ്റികളെ പിരിച്ചുവിടുന്നത് ഒഴിവാക്കുമോ;

(ഇ) പിരിച്ചുവിടുന്ന വികസന അതോറിറ്റികളുടെ ചുമതലകൾ ആരെയാണ് ഏൽപ്പിക്കുന്നത്;

(എഫ്)അതോറിറ്റികളിൽ ദീർഘകാലം താൽക്കാലിക ജീവനക്കാരായി പ്രവർത്തിച്ചവർക്ക് മറ്റ് ഏതെങ്കിലും സ്ഥിരം ജോലി നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ;

(ജി) പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർക്ക് എത്ര മാസത്തെ ശമ്പളം കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഇത് എന്നത്തേയ്ക്ക് കൊടുത്തുതീർക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) സംസ്ഥാനത്ത് 12 വികസന അതോറിറ്റികളാണ് നിലവിലുള്ളത്. അവ താഴെപ്പറയുന്നവയാണ്.

തിരുവനന്തപുരം വികസന അതോറിറ്റി

കൊല്ലം വികസന അതോറിറ്റി

ആലപ്പുഴ വികസന അതോറിറ്റി

കോട്ടയം വികസന അതോറിറ്റി

ഇടുക്കി വികസന അതോറിറ്റി

വിശാല കൊച്ചി വികസന അതോറിറ്റി

തൃശ്ശൂർ നഗര വികസന അതോറിറ്റി

പാലക്കാട് വികസന അതോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് വികസന അതോറിറ്റി

കണ്ണൂർ വികസന അതോറിറ്റി

കാസർഗോഡ് വികസന അതോറിറ്റി

ഗോശ്രീ ദ്വീപ് വികസന അതോറിറ്റി

(ബി) 20.12.99 ലെ സർക്കാർ ഉത്തരവ് എം.എസ്. നമ്പർ 251/99/തസ്വ ഭവ പ്രകാരം 4 വികസന അതോറിറ്റികൾ 31.12.99 മുതൽ പിരിച്ചുവിടാൻ ഉത്തരവായിട്ടുണ്ട്.

(സി) കോട്ടയം, ആലപ്പുഴ, കണ്ണൂർ, കാസർഗോഡ്

(ഡി) ഇടുക്കി വികസന അതോറിറ്റി ഒഴിച്ച് ബാക്കിയുള്ളവയെല്ലാം നഗരങ്ങളെ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. ഇടുക്കി വികസന അതോറിറ്റി തൽക്കാലം പിരിച്ചുവിടുന്നില്ല.

(ഇ) അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് ഏൽപ്പിക്കുന്നത്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

(ജി) ശമ്പളം കുടിശ്ശിക ഇല്ല. എന്നാൽ ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള കുടിശ്ശിക 1.3.97 മുതൽ ചില ജീവനക്കാർക്ക് കൊടുത്തുതീർക്കുവാനുണ്ട്.

(എച്ച്) ഇത് എത്രയും പെട്ടെന്ന് കൊടുത്തുതീർക്കുന്നതാണ്.

341 (1534) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആഡിറ്റ്

ശ്രീ. ബി. വിജയകുമാർ :
ശ്രീ. എ.കെ. മണി :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓരോ സാമ്പത്തിക വർഷവും നടത്തിയ ചെലവ് സംബന്ധിച്ച കണക്കുകൾ ഓഡിറ്റിനുവേണ്ടി സമാഹരിക്കേണ്ട അവസാന തീയതി എന്നാണ്;

(ബി) ഈ കണക്കുകൾ ഏതു തീയതിക്കുമുമ്പാണ് ഓഡിറ്റ് ചെയ്യേണ്ടത്;

(സി) ഇപ്പോൾ ഏതു വർഷംവരെയുള്ള കണക്കുകൾ ഓഡിറ്റു ചെയ്തിട്ടുണ്ട്;

(ഡി) നിശ്ചിത തീയതിക്കകം ഏതെങ്കിലും വർഷത്തെ കണക്കുകൾ ഓഡിറ്റിനുവേണ്ടി സമർപ്പിക്കാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണമെന്ത്;

(ഇ) ഈ കണക്കുകൾ അടിയന്തിരമായി ഓഡിറ്റ് ചെയ്യിക്കുവാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly